**കേരള സർക്കാർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**
**ഫാം ഇൻഫർമേഷൻ ബ്യൂറോ**
കവടിയാർ, തിരുവനന്തപുരം 695003
www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

നം: **ADFW/FIB/2/2025-H** തീയതി: 03-06-2026

## ക്വട്ടേഷൻ നോട്ടീസ്

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരള കർഷകൻ മാസികയുടെ 2026 ആഗസ്റ്റ് ലക്കം മുതൽ 2027 ജൂലൈ ലക്കം വരെയുള്ള ഒരു വർഷകാലയളവിലേക്കുള്ള മലയാളം ഡി.ടി.പി. ജോലികൾ നിർവഹിക്കുന്നതിന് പ്രവൃത്തിപരിചയമുള്ള വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

മാസികയുടെ ലേഔട്ട്, പേജ് സെറ്റിംഗ്, ടൈപ്പ്സെറ്റിംഗ്, പ്രൂഫ് കറക്ഷൻ, ആവശ്യമായ തിരുത്തലുകൾ എന്നിവ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കൃത്യതയോടെയും ഭംഗിയോടെയും നിർവഹിക്കാൻ കഴിവുള്ളവരായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

**മാസികയുടെ വിശദാംശങ്ങൾ**

- മാസികയുടെ വലിപ്പം : 26 x 19 സെ.മീ.
- പ്രതിമാസം ഏകദേശ പേജുകൾ : 72 പേജ് + 4 കളർ കവർ പേജ്
- ഭാഷ : മലയാളം

**സമർപ്പിക്കേണ്ട നിരക്ക്**

കേരള കർഷകൻ മാസികയുടെ ഒരു മലയാളം പേജ് (Single Page Malayalam DTP Work) ഡി.ടി.പി. ചെയ്യുന്നതിനുള്ള പരമാവധി നിരക്ക് (Maximum Rate Per Page) ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തണം.

**നിബന്ധനകളും വ്യവസ്ഥകളും**

1. ലേഔട്ടിനും ഡി.ടി.പി. ജോലികൾക്കും ആവശ്യമായ മേറ്റർ ഓഫീസ് ലഭ്യമാക്കുന്നതാണ്.
2. ലഭ്യമാക്കുന്ന മേറ്റർ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഡി.ടി.പി. ചെയ്ത് സമർപ്പിക്കണം.
3. ഓഫീസർ നിർദ്ദേശിക്കുന്ന തിരുത്തലുകൾ അധിക നിരക്ക് ഈടാക്കാതെ നിർവഹിക്കണം.
4. ഓരോ മാസവും നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ ഫൈനൽ ഫയൽ സമർപ്പിക്കേണ്ടതാണ്.
5. ML-TT മലയാളം ഫോണ്ടുകൾ ഉപയോഗിച്ചായിരിക്കണം ഡി.ടി.പി. ജോലികൾ നിർവ്വഹിക്കേണ്ടത്.
6. ആവശ്യമായ സാഹചര്യങ്ങളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ കമ്പ്യൂട്ടർ/സൗകര്യങ്ങൾ ഉപയോഗിക്കാൻ അനുമതി ലഭ്യമാക്കുന്നതാണ്.
7. ക്വട്ടേഷൻ അംഗീകരിച്ചതിന് ശേഷം നിരക്കിൽ വർധനവ് അനുവദിക്കുന്നതല്ല.
8. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം ഓഫീസിന്റെ 5 കി.മീറ്റർ പരിധിയ്ക്കുള്ളിലുള്ളവരായിരിക്കണം.
9. ഗുണനിലവാരം പാലിക്കാത്ത പക്ഷം ക്വട്ടേഷൻ റദ്ദാക്കാനുള്ള അധികാരം ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.
10. സർക്കാർ ക്വട്ടേഷൻ സംബന്ധമായ എല്ലാ ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
11. പ്രത്യേക കാരണം വ്യക്തമാക്കാതെ ഏതെങ്കിലും ക്വട്ടേഷൻ സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്കാണ്.

മുദ്രവച്ച കവറിന് മുകളിൽ "കേരള കർഷകൻ മാസിക – മലയാളം ഡി.ടി.പി. ജോലികൾക്കുള്ള

ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും: **22/06/2026 വൈകിട്ട് 3 മണി**

ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം:

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ
കവടിയാർ, തിരുവനന്തപുരം – 695003

ചുവടെ ചേർക്കുന്ന മാതൃകയിൽ കേരള കർഷകൻ മാസികയുടെ (മലയാള ഭാഷ) ഡി ടി പി ചെയ്യുന്നതിനുള്ള ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പേര് | |
| വിലാസം | |
| ഫോൺ നമ്പർ | |
| ഇ-മെയിൽ ഐഡി | |
| സർക്കാർ ഐഡി (Aadhar/License/Voters ID) | |
| പ്രവൃത്തി പരിചയം<br>1) വർഷം<br>2) സ്ഥാപനം | |
| കേരള കർഷകൻ മാസിക ഒരു പേജ് (26 x 19 സെ.മീ.) മലയാളം ഡി റ്റി പി ചെയ്യുന്നതിനുള്ള തുക (അക്കത്തിലും, അക്ഷരത്തിലും) | |

ANITHA C S
PRINCIPAL INFORMATION OFFICER(i/c)

Digitally signed by Anitha C S
Date: 03-06-2026 16:12:52

പകർപ്പ്:
1) നോട്ടീസ് ബോർഡ്
2) വെബ്സൈറ്റ്
3) സ്റ്റോക്ക് ഫയൽ
4) അധികം